# പള്ളിക്കൂദാശാക്കാലം



ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശാക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭാസമർപ്പണം എന്നാണർഥം. സ്വർഗീയമണവാളനായ മിശിഹായോടൊപ്പം വധുവായ സഭയുടെ അന്തിമമഹത്ത്വീകരണമാണ് ഈ കാലത്തിന്റെ പ്രധാനപ്രമേയം. റമ്പാൻ ബ്രീക്ഈശോ ഇപ്രകാരമെഴുന്നു: “പരിശുദ്ധസഭ, വിശ്വാസികളും വിശുദ്ധരും ഒത്തുചേരുന്ന മിശിഹായുടെ മണവാട്ടി, തന്റെ രക്ഷകനായ ഈശോയാകുന്ന യഥാർത്ഥമണവാളന് സ്തുതിയും മഹത്ത്വവും അർപ്പിച്ചുകൊണ്ട് അവനെ സന്തോഷത്തോടെ സ്വീകരിക്കാൻ ഒരുങ്ങുന്നു. അവൻ തന്റെ വധുവായ സഭയെ സ്വീകരിച്ച് അവനോടൊപ്പം സ്വർഗത്തിലേക്കെടുത്ത്, നിത്യമണവറയിലേക്കാനയിച്ച്, തന്റെ വലത്തുഭാഗത്തിരുത്തി ദൈവദർശനത്താൽ സന്തോഷിപ്പിക്കുകയും നിത്യാനന്ദവും നിത്യസൗഭാഗ്യവും അവൾക്ക് നല്കുകയുംചെയ്യും. അവൾ അവനിൽ ആനന്ദിച്ച് സ്വർഗീയഗണങ്ങളോടു ചേർന്ന് മധുരഗീതങ്ങൾ ആലപിക്കുകയും ചെയ്യും.” സഭയുടെ ഈ അന്തിമ മഹത്ത്വീകരണം ഇനിയും നിവൃത്തിയാകേണ്ടതുണ്ട്. വിശ്വാസികളും സ്വർഗീയമണവാളനുമായുള്ള ഈ കൂടിച്ചേരലാണ് രക്ഷാകർമത്തിന്റെ അന്തിമലക്ഷ്യവും. ഇതിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലഘട്ടത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു.

**സ്വർഗീയമണവറ**

മണവാളനായ ഈശോ സ്വർഗത്തിൽ മനോഹരമായ ഒരുവസതി സഭയ്ക്ക് വാഗ്ദാനം ചെയ്തു. അവിടെ അവൾ പരിശുദ്ധറൂഹായിൽ ജനിച്ച തന്റെ മക്കളോടൊപ്പം അവന് മഹത്ത്വം കരേറ്റിക്കൊണ്ട് ആനന്ദിക്കുമെന്നതാണ് ഈ കാലത്തിന്റെ പ്രധാനചിന്ത. സ്വർഗീയമണവറയെക്കുറിച്ചുള്ള ധ്യാനാത്മകവിചിന്തനങ്ങളാണ് എല്ലാ പ്രാർഥനകളിലും മുഴച്ചുനില്ക്കുന്നത്. “വിശ്വാസിയായസഭയേ, ലോകങ്ങളുടെ രാജാവിന്റെ പുത്രീ, നിന്നോട് വിവാഹനിശ്ചയംചെയ്തിരിക്കുന്ന മണവാളനിൽ ആനന്ദിക്കുക. സന്തോഷനൃത്തംചെയ്യുക. തന്റെ മണവറയിലേക്ക് അവൻ നിന്നെ പ്രവേശിപ്പിച്ചിരിക്കുന്നു. സ്ത്രീധനമായി അവൻ തന്റെ വിലയേറിയ ശരീരവും രക്തവും നിനക്ക് നല്കിയിരിക്കു

ന്നു. തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ട് അവൻ നിന്റെ പാപം മോചിക്കുകയും വിശുദ്ധീകരിക്കുകയും സർവാഭരണവിഭൂഷിതയായ മണവാട്ടിയായി നിന്നെ മാറ്റുകയും ചെയ്തിരിക്കുന്നു.''

**സഭ നിലനില്ക്കുന്ന സമാഗമകൂടാരം**

പുറപ്പാടുപുസ്തകം 26ാമധ്യായത്തിൽ പറയുന്ന താത്ക്കാലികസമാഗമകൂടാരത്തിന്റെ ദൃശ്യവത്കരണമാണ് സഭ. എന്നാൽ, ലോകത്തിൽ സ്വർഗരാജ്യത്തിന്റെ അടയാളമായി നിലകൊള്ളുന്ന സഭ നിലനില്ക്കുന്ന സമാഗമകൂടാരമാണ്. രഹസ്യങ്ങളുടെ പൂർത്തീകരണമായ നമ്മുടെ രക്ഷകനായഈശോമിശിഹാ സഭയ്ക്കുള്ളിൽ തന്റെ കൃപയുടെകൂടാരമടിക്കുകയും അതിനുള്ളിൽ പാപമോചകമായ മദ്ബഹാ സ്ഥാപിക്കുകയും ചെയ്തു. എല്ലാദിവസവും അതിന്മേൽ അവന്റെ വിലയേറിയശരീരരക്തങ്ങൾ ആഘോഷിക്കപ്പെടുകയും ആവശ്യക്കാർക്ക് അവ വിതരണംചെയ്യുന്നതിനായി തന്റെ മക്കളെ മധ്യസ്ഥരാക്കുകയുംചെയ്തു. രക്ഷകനായമിശിഹാ തന്റെ സഭയ്ക്ക് ഭരമേല്പ്പിച്ച രഹസ്യങ്ങളിലൂടെയും അടയാളങ്ങളിലൂടെയുംസ്വർഗീയനിക്ഷേപങ്ങളും സമ്പത്തും അവൾ വഹിക്കുന്നു.

**ഈശോമിശിഹായുടെശരീരരക്തങ്ങളുടെ അവകാശികൾ**

ഈശോമിശിഹാ തന്റെശരീരരക്തങ്ങളാൽ പാപത്തിൽനിന്നു വീണ്ടെടുത്ത സമൂഹമാണ് സഭ. അതിനാൽ വിശ്വാസികൾ പാപപ്പരിഹാരത്തിനായി വിഭജിക്കപ്പെട്ട അവന്റെ ശരീരത്താലും ചിന്തപ്പെട്ട അവന്റെ രക്തത്താലും പരിപോഷിപ്പിക്കപ്പെടണം. കാരണം തന്റെ ജീവനുള്ള കുരിശിനാൽ മിശിഹാ സഭയെ വീണ്ടെടുക്കുകയും ഭക്ഷണമായി അവൾക്ക് തന്റെ ശരീരവും ആത്മീയപാനീയമായി തന്റെ രക്തവും നല്കുകയും ചെയ്തു.

സഭാസമർപ്പണകാലം സഭയുടെ വ്യക്തിത്വവും തനിമയും നമ്മെ അനുസ്മരിപ്പിക്കുന്നു. പരിശുദ്ധത്രിത്വത്തോടുള്ള അവളുടെ ബന്ധം, സഭയെ നിലനിറുത്തുകയും ചരിത്രത്തിലെ പ്രതികൂല സാഹചര്യങ്ങളിലും അവളെ കാത്ത് സൂക്ഷിക്കുകയും ചെയ്ത പൗരോഹിത്യത്തിന്റെ മഹത്ത്വം എന്നിവയെല്ലാം ഈ കാലത്തിലെ സവിശേഷചിന്തകളാണ്.

സീറോമലബാർആരാധനക്രമകമ്മീഷൻ, തയ്യാറാക്കിയത്: റവ. ഡോ. ജോൺ കണ്ണന്താനം
മൗണ്ട്സെന്റ്തോമസ്കാക്കനാട്
30-10-2020